

THURSDAY 19/02/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. K S Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/02/2026

1. കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെയും കേരള സർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക സർവ്വകലാശാല തൃശ്ശൂർ വെള്ളാനിക്കരയിൽ വച്ച് "ദക്ഷിണ മേഖല കാർഷിക മേള 2026" നടന്നു വരുന്നു. നല്ല നാളെക്കായി സ്മാർട്ട് കൃഷി: സുസ്ഥിര, നവീന, സ്മാർട്ട് സാങ്കേതികവിദ്യകളിലൂടെ എന്നതാണ് ഈ മേളയുടെ പ്രമേയം. ദക്ഷിണേന്ത്യയിലെയും ലക്ഷദ്വീപിലെയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കാർഷിക സർവ്വകലാശാലകൾ, ഐ സി എ ആർ ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പ്, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കാർഷിക കൂട്ടായ്മ തുടങ്ങി കൃഷി- അനുബന്ധ മേഖലയിലുള്ള മുൻനിര സ്ഥാപനങ്ങളെല്ലാം ഈ മേളയിൽ പങ്കെടുക്കും. ഈ മെഗാ മേളയുടെ ഉദ്ഘാടന സമ്മേളനം ഇന്ന് (ഫെബ്രുവരി 19 നു) ഉച്ചക്ക് 12.30 നു റെവന്യൂ വകുപ്പ് മന്ത്രിയും, നിർവാഹക സമിതി അംഗവുമായ കെ രാജൻ നിർവ്വഹിക്കുന്നതാണ്. കേരള കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലർ, ഡോ. ബി. അശോക് ഐ എ എസ് ചടങ്ങിന് അധ്യക്ഷത വഹിക്കുന്നു. മേളയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജനപ്രതിനിധികൾ, ദക്ഷിണേന്ത്യൻ കാർഷിക സർവ്വകലാശാലകളുടെയും, ICAR സ്ഥാപനങ്ങളുടെയും മേധാവികൾ, കൃഷി വകുപ്പ് മേധാവികൾ, കർഷക പ്രമുഖർ തുടങ്ങിയവർ വിവിധ സെമിനാറുകൾ നയിക്കുകയും ചെയ്യുന്നതാണ്. കാർഷിക പ്രദർശനം രാവിലെ 10 മണി മുതൽ രാത്രി 9 മണി വരെ ഉണ്ടായിരിക്കും. ഇതിന്റെ പ്രവേശനം തികച്ചും സൗജന്യമാണ്. ഇരുന്നൂറോളം പ്രദർശന സ്റ്റാളുകൾ, സാങ്കേതിക വിദ്യ, തത്സമയ പ്രദർശനങ്ങൾ, കർഷക-ശാസ്ത്രജ്ഞ മുഖാമുഖം, കർഷകർക്കും വിദ്യാർത്ഥികൾക്കുമായി വിവിധ മത്സരങ്ങൾ, ഫാം സന്ദർശനങ്ങൾ, പ്രദർശന-വിപണന സ്റ്റാളുകൾ, പ്രകൃതി സവാരി, എഫ്. പി. ഓ - അഗ്രി സ്റ്റാർട്ട് അപ്, ബി. ടു ബി. സംഗമങ്ങൾ, സാംസ്കാരിക സന്ധ്യകൾ തുടങ്ങിയവയാണ് ഈ മേളയുടെ പ്രധാന ആകർഷണങ്ങൾ. മേള ഫെബ്രുവരി 22 വരെ ഉണ്ടായിരിക്കുന്നതാണ് .

2. വിതുര ജഴ്സിഫാമിലെ 40 ഗർഭിണി കിടാരികളെ 24-02-2026 തീയതി 10 മണിയ്ക്ക് വിതുര ജഴ്സിഫാമിൽ വച്ച് പരസ്യമായി ലേലം ചെയ്യു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിൽക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447863678 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. 2025 വർഷത്തിൽ റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയവർക്ക് റബ്ബർബോർഡിൽ നിന്നുള്ള ധനസഹായത്തിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനുള്ള അവസാനതീയതി 2025 നവംബർ 17 വരെയായിരുന്നു. ഈ കാലയളവിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് 2026ഫെബ്രുവരി 19 മുതൽ 25 വരെയുള്ള തീയതികളിൽ 'സർവീസ് പ്ലസ്' പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതാണ്. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 20, 21 തീയതികളിൽ പശുവളർത്തൽ എന്ന വിഷയത്തിലും ഫെബ്രുവരി 23, 24 തീയതികളിൽ പന്നിവളർത്തൽ എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER' (CAITT) "മട്ടുപ്പാവ് കൃഷി" എന്ന വിഷയത്തിൽ 20/02/2026 തീയതിയിൽ INTEGRATED FARMING SYSTEMS RESEARCH STATION, (IFSRS) കരമന വെച്ച് ഒരു ഏകദിന Field day സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 250/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.